LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചുകൂട്ടുകയും പണികൾ കരാർ പ്രകാരമുള്ള സമയത്തുതന്നെ പൂർത്തീകരിക്കാമെന്ന കോൺട്രാക്ടറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കരാറ് റദ്ദ് ചെയ്യാനുള്ള ശുപാർശ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. പണികൾ ഇപ്പോൾ തൃപ്തികരമായി പുരോഗമിക്കുന്നുണ്ട്. തിരുവാറ്റ, കൈതപ്പാടം, ആർപ്പൂക്കര, പ്രാപ്പുഴ എന്നീ പാലങ്ങളുടെ പണി ഇപ്രകാരമാണ്. തിരുവാറ്റ പാലത്തിന്റെ pile കളുടേയും, abutment കളുടേയും പണികൾ തീർന്നു. പാലത്തിന്റെ സ്ലാബുകൾക്കുവേണ്ടിയുള്ള കമ്പി കെട്ടുന്ന പണികൾ പുരോഗമിക്കുന്നു. മേയ് മാസത്തോടുകൂടി പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൈതപ്പാടം-ആർപ്പൂക്കര പാലത്തിന്റെ pile കളുടേയും, abutment കളുടേയും പണികൾ തീർന്നു. പാലത്തിന്റെ കമ്പികെട്ടുന്ന പണി പുരോഗമിച്ച് വരികയാണ്. മാർച്ച് മാസത്തിൽതന്നെ ഈ പാലത്തിന്റെ സ്ലാബ് കോൺക്രീറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പ്രാപ്പുഴ നടപ്പാലത്തിന്റെ പൈലുകളുടേയും പൈൽ ക്യാപ്പിന്റേയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പണികൾ അടിയന്തിരമായി തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(11) പെരുമ്പാവൂരിൽ എൻ. ജി. ഒ. ക്വാർട്ടേഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച്.

ശ്രീ. സാജുപോൾ: പെരുമ്പാവൂരിൽ നിർമ്മിച്ചിട്ടുള്ള എൻ. ജി. ഒ. ക്വാർട്ടേഴ്സ് ഉദ്ഘാടനം ചെയ്ത് നാല് വർഷം കഴിഞ്ഞിട്ടും ജീവനക്കാർക്ക് കൊടുത്തിട്ടില്ല. കെട്ടിടം പണിതത് ഹൗസിംഗ് ബോർഡാണ്. ഇപ്പോൾ പി. ഡബ്ല്യൂ. ഡി. യുടെ കൈവശമാണിരിക്കുന്നത്. ശിലാഫലകമാനിയ ബാധിച്ച ചിലർ ഉദ്ഘാടനജ്വരം മൂത്ത് നാല് കൊല്ലം മുൻപ് മുഴുവൻ സൗകര്യങ്ങളും ഏർപ്പെടുത്താതെ ഉദ്ഘാടനം നടത്തി. സർ, പുസ്തകങ്ങളിലിരിക്കുന്ന വിദ്യയും അന്യന്റെ കൈവശമിരിക്കുന്ന പണവും അർഹരായവർക്ക് ലഭിക്കാത്ത സൗകര്യങ്ങളും ഒരുപോലെയാണ്. അതുകൊണ്ട് അടിയന്തിരമായി 42 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന എൻ. ജി. ഒ. ക്വാർട്ടേഴ്സ് ജലവിതരണ സംവിധാനവും വൈദ്യുതി സൗകര്യങ്ങളും ഏർപ്പെടുത്തി ജീവനക്കാർക്ക് കൈമാറാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):* പെരുമ്പാവൂരിലെ എൻ.ജി.ഒ. ക്വാർട്ടേഴ്സ് കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നിർമ്മിച്ച് 27-1-2003-ൽ പൊതുമരാമത്തിന് കൈമാറുക ഉണ്ടായി. ക്വാർട്ടേഴ്സ് പൊതുമരാമത്തിന് കൈമാറിയപ്പോൾ വേണ്ടത്ര ജലവിതരണ സംവിധാനം ഹൗസിംഗ് ബോർഡ് ഏർപ്പെടുത്തിയിരുന്നില്ല.

നിലവിലുള്ള ശുദ്ധജല വിതരണ സംവിധാനത്തിന് ക്വാർട്ടേഴ്സിന്റെ മുകളിലത്തെ നിലയിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കാത്തതുകൊണ്ട് മുകളിലത്തെ നിലയിൽ വെള്ളം എത്തിക്കുന്നതിന് ഒരു ലക്ഷം ലിറ്റർ വെള്ളം കൊള്ളുന്ന ഗ്രൗണ്ട് വാട്ടർ ടാങ്കും ഓവർ ഹെഡ്ഡ് ടാങ്കും പണിയുന്നതിനാവശ്യമായ 12.15 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണികൾ പൂർത്തിയാക്കി ക്വാർട്ടേഴ്സ് ജീവനക്കാർക്ക് കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(12) ഇരവിപുരം നിയോജകമണ്ഡലത്തിൽ ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കാൻ നടപടി

ശ്രീ. എ. എ. അസീസ്: ഇരവിപുരം, മയ്യനാട്, തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റങ്കര പഞ്ചായത്തുകളിൽ അതിരൂക്ഷമായ ജലക്ഷാമമാണ്. കുടിവെള്ളം ഇവിടെ വിലയ്ക്ക് വാങ്ങുകയാണ്. മുൻകാലങ്ങളിൽ സമയമാകുമ്പോൾ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുക പതിവായിരുന്നു. ഇത്തവണ അതിന് നടപടി സ്വീകരിച്ചില്ല. അടിയന്തിരമായി ഈ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളാൻ 11-3-2005-ൽ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇരവിപുരം നിയോജകമണ്ഡലത്തിലെ മയ്യനാട്, തൃക്കോവിൽവട്ടം, ഇളമ്പള്ളൂർ, കൊറ്റങ്കര എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാകളക്ടർ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എവിടെയെങ്കിലും കുടിവെള്ളം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചാൽ തീർച്ചയായിട്ടും ജില്ലാകളക്ടറുടെ ശ്രദ്ധയിൽ അത് പെടുത്തുന്നതാണ്.

(13) യോഗ്യതയുടെയും, നിയമനത്തിന്റെയും കാര്യത്തിൽ യു. ജി. സി. നിബന്ധന നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. ടി. തോമസ്: സർ, 1996-മുതൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ എല്ലാ നിയമങ്ങളും കേരളത്തിൽ നടപ്പായി തുടങ്ങിയിട്ടുണ്ട്. അദ്ധ്യാപകരുടെ ശമ്പളവും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും പ്രൊമോഷനുമെല്ലാം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ അവരുടെ യോഗ്യതയുടെ കാര്യത്തിൽ ഇതേവരെ കർക്കശമായ ഒരു നിലപാട് സ്വീകരിച്ചിട്ടില്ല. ആവശ്യത്തിന് ഗവേഷണ യോഗ്യതയും, റീഡർഷിപ്പും മൊക്കെയുള്ള ആളുകളെ മാത്രമേ പ്രിൻസിപ്പലായി നിയമിക്കാവൂ എന്ന നിബന്ധന

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly